# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2994 — 07.12.2018 – ൽ മറുപടിക്ക്

## തോട്ടട ഇ.എസ്.ഐ. ആശുപത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | തോട്ടട ഇ.എസ്.ഐ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കണം എന്ന് 2016 ൽ ഇ.എസ്.ഐ കോർപ്പറേഷൻ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാർ ശുപാർശ ചെയ്ത് ഇ.എസ്.ഐ കോർപ്പറേഷനിലേക്ക് അയയ്ക്കുകയുണ്ടായി. എന്നാൽ തോട്ടട ഇ.എസ്.ഐ ആശുപത്രിയിലെ ബെഡ് ഒക്കുപ്പൻസി 30 ശതമാനത്തിനു താഴെയായതിനാൽ ടി പ്രൊപ്പോസൽ ഇ.എസ്.ഐ കോർപ്പറേഷൻ നിരസിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിനുള്ള സൗകര്യം ലഭ്യമല്ല എന്നും തോട്ടട ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ് എന്നും ഇ.എസ്.ഐ പദ്ധതി സംസ്ഥാന വ്യാപകമാക്കിയ സാഹചര്യത്തിലും വരുമാന പരിധി 21,000/- രൂപയായി വർദ്ധിപ്പിച്ച |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിലും കൂടുതൽ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ആശുപത്രിയുടെ സേവനം കൂടുതലായി പ്രയോജനപ്പെടുത്തുന്ന സാഹചര്യമുള്ളതിനാലും ഇ.എസ്.ഐ കോർപ്പറേഷന്റെ തീരുമാനം പുന: പരിശോധിക്കണം എന്ന് സർക്കാർ ഇ.എസ്.ഐ കോർപ്പറേഷനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഇ.എസ്.ഐ കോർപ്പറേഷൻ എല്ലാ സംസ്ഥാനത്തും രണ്ട് ആശുപത്രികളും ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും നേരിട്ട് നടത്തുന്നതാണ് എന്ന തീരുമാനം ഇ.എസ്.ഐ കോർപ്പറേഷന്റെ 167-ാമത് മീറ്റിംഗിൽ എടുത്തിരുന്നു എന്നും കേരളത്തിൽ നിലവിൽ കൊല്ലം ജില്ലയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ഉൾപ്പടെ മൂന്ന് ആശുപത്രികൾ ഇ.എസ്.ഐ കോർപ്പറേഷൻ നേരിട്ടാണ് നടത്തുന്നത് എന്നും സൂചിപ്പിച്ച് സംസ്ഥാന സർക്കാരിന്റെ ശുപാർശ വീണ്ടും നിരസിച്ചു. തുടർന്ന് സംസ്ഥാന സർക്കാരിന് താത്പര്യമെങ്കിൽ ടി ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആയി ഉയർത്താവുന്നതാണെന്നും അതിന് മനുഷ്യവിഭവശേഷി, ഉപകരണങ്ങൾ എന്നിവയ്ക്ക് വരുന്ന ചിലവ് 7:1 അനുപാതത്തിൽ വഹിക്കാവുന്നതാണെന്നും ഇ.എസ്.ഐ കോർപ്പറേഷൻ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | അവിടെ അനുവദിക്കപ്പെട്ട സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | തോട്ടട ഇ.എസ്.ഐ ആശുപത്രിയിൽ 6 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകളാണുള്ളത് (ഫിസിഷ്യൻ, സർജൻ, പീഡിയാട്രീഷ്യൻ, ഗൈനക്കോളജിസ്റ്റ്, ഓർത്തോഫിസിഷ്യൻ, അനസ്തെറ്റിസ്റ്റ്). ഇതിൽ സർജൻ ഒഴികെയുള്ള എല്ലാ തസ്തികകളിലും പി.എസ്.സി റഗുലർ സ്പെഷ്യലിസ്റ്റുകൾ ജോലി ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സർജനായി നിയമിക്കുന്നതിന് റഗുലർ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഇല്ലാത്തതിനാൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഒരു സർജനെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ